"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം -വനം വകുപ്പിൽ സീനിയർ ക്ലാർക്കായിരിക്കെ അന്തരിച്ച സുനിൽറാം.കെ.ആർ - ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.101/2024/F&WLD തീയതി,തിരുവനന്തപുരം, 23-02-2024**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 26.06.2023, 01.01.2024 തീയതികളിലെ ഇ3-3261/2023-ഭരണം നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പിൽ സീനിയർ ക്ലാർക്കായിരിക്കെ അന്തരിച്ച സുനിൽറാം.കെ.ആർ മൂന്നാർ ഡിവിഷനിൽ ജോലി നോക്കിയിരുന്ന കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 27.08.2009 മുതൽ 28.08.2011 വരെയുള്ള 732 ദിവസം ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അവധി അപേക്ഷയും അനുബന്ധ രേഖകളും ശുപാർശ സഹിതം പരാമർശത്തിലെ കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ ക്ലാർക്കായിരിക്കെ അന്തരിച്ച സീനിയർ ക്ലാർക്ക് സുനിൽ റാം കെ. ആർ - ന്റെ 27.08.2009 മുതൽ 28.08.2011 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരമുള്ള ശൂന്യവേതന അവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സീത എസ് ലക്ഷ്മി**
**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം (സേവന പുസ്തകം സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(2495370/ Agri-A1/168/2023-FIN തീയതി 09.02.2024).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 27-02-2024 10:10:15

സെക്ഷൻ ഓഫീസർ